## കെ.ഇ മുഹമ്മദലി ഹാജി



**പണ്ഡിതനും** വാഗ്മിയും മാതൃകാ അധ്യാപകനും ജമാഅത്തെ ഇസ്‌ലാമി അംഗവും സാമൂഹിക പ്രവർത്തകനുമായിരുന്ന തെങ്ങന മുഹമ്മദലി ഹാജി(78)യുടെ വേർപാട് തെക്കൻ കേരളത്തിലെ പ്രസ്ഥാന പ്രവർത്തനത്തിന് വലിയൊരു നഷ്ടം തന്നെയാണ്.

1970ലാണ് മുവാറ്റുപുഴ മദ്‌റസത്തുൽ ബനാത്ത് വനിതാ ഇസ്‌ലാമിയാ കോളേജായി ഉയർത്തിയത്. യാഥാസ്ഥിതികർ ഇസ്‌ലാമിക പ്രസ്ഥാനത്തെയും അതിന്റെ സ്ഥാപനങ്ങളെയും വെറുതെ വിട്ടില്ല. പൗരപ്രമുഖരും കാവുങ്ങര ജുമാ മസ്ജിദിലെ കാരണവന്മാരുമായിരുന്ന എ.എ മക്കാർഹാജി, എ.പി മക്കാർ ഹാജി, സി.എസ് ഹമീദ് ഹാജി, ടി.എച്ച് ഇബ്‌റാഹീം, കരീം, കെ. അബ്ദുസ്സലാം മൗലവി, പി.എം ഇബ്‌റാഹീം സാഹിബ്, ഹസ്സൻ വൈദ്യർ, പി.എം.ടി ഹസൻ, പൈനായിൽ യൂസുഫ് തുടങ്ങിയവരുടെ പേരിൽ പള്ളിവിലക്ക് ഏർപ്പെടുത്തി. പള്ളിയോട് ചേർന്നുണ്ടായിരുന്ന അൽ മദ്‌റസത്തുൽ ഇസ്‌ലാമിയ ഗുണ്ടകളെവിട്ട് തല്ലിപ്പൊളിക്കുകയും മുസ്ഹഫും പുസ്തക ശേഖരങ്ങളും തീയിട്ട് ചാമ്പലാക്കുകയും ചെയ്തു. ഈ ക്രൂരതകൾ വളരെ സംയമനത്തോടെ നേരിട്ടവരിൽ മുഹമ്മദലി ഹാജിയും ഉണ്ടായിരുന്നു.

അടിയന്തരാവസ്ഥ പ്രഖ്യാപനവും പ്രസ്ഥാന പ്രവർത്തകർക്ക് ഒരാഘാതമായി. പള്ളിവിലക്ക് നിലനിൽക്കുന്നു, ഇപ്പോഴിതാ സംഘടനാ നിരോധവും. പലരുടെയും മനോവീര്യം തകർന്നു. ഈയവസരത്തിലാണ് ഒരു പള്ളി പണിയാനുള്ള നിർദേശം ഹാജി മുന്നോട്ട് വെക്കുന്നത്. തന്റെ ഒരുമാസത്തെ ശമ്പളം ഉടൻ തന്നെ അദ്ദേഹം നൽകുകയും ചെയ്തു. ഈ തീരുമാനമാണ് പ്രസ്ഥാനത്തിനും സ്ഥാപനത്തിനും പിടിച്ചു നിൽക്കാൻ കരുത്തു പകർന്നത്.

മുഹമ്മദലി ഹാജിയുടെ പ്രേരണയിലായിരുന്നു വനിതാ കോളേജിന്റെ സിലബസ് പരിഷ്കരണം നടന്നത്. ഇന്ന് വിവിധ കോഴ്സുകളും വനിതാ ഹൈസ്കൂളും കോളേജിന്റെ കീഴിൽ നടന്നുവരുന്നു. വളരെക്കാലം സഹപ്രവർത്തകനായിരുന്ന ഹാജിയിൽനിന്നും പ്രയാസമുണ്ടാക്കുന്ന ഒരു വാക്കും ഒരിക്കൽ പോലും കേൾക്കേണ്ടി വന്നിട്ടില്ല.

**യൂനുസ് മൗലവി കായംകുളം**

## വി.കെ ഉസ്മാൻ

**പെരുമ്പിലാവ്** അൻസാർ ആശുപത്രിക്ക് സമീപം റോഡപകടത്തിൽ മരണമടഞ്ഞ വി.കെ ഉസ്മാൻ സാഹിബ്(84) സജീവ ഇസ്‌ലാമിക പ്രവർത്തകനും നാട്ടുകാർക്ക് എപ്പോഴും സമീപിക്കാവുന്ന നിസ്വാർഥ സേവകനുമായിരുന്നു. അറുപതുകളുടെ രണ്ടാം പാതിയിൽ ജമാഅത്തെ ഇസ്‌ലാമി ചാവക്കാട് ഹംദർദ് ഹൽഖയിൽനിന്നാണ് ഇസ്‌ലാമിക പ്രവർത്തനത്തിന്റെ തുടക്കം. ഒടുവിൽ പെരുമ്പിലാവ് പ്രാദേശിക ജമാ



അത്തിലായിരുന്നു. ചാവക്കാട് മേഖലയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വ്യാപനത്തിൽ അദ്ദേഹത്തിന്റെ ആദ്യ കാല പ്രവർത്തനങ്ങൾ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. *പ്രബോധന*ത്തിന്റെ വരിചേർക്കാനുള്ള രസീത് ബുക്കും ഐ.പി.എച്ച് പുസ്തകങ്ങളടങ്ങിയ ഹാന്റ് ബാഗുമായി രാവിലെ വീട്ടിൽ നിന്നിറങ്ങിത്തിരിച്ചാൽ സ്ക്വാഡ് പ്രവർത്തനങ്ങളും ക്ലാസുകളുമൊക്കെ കഴിഞ്ഞ് രാത്രി വീട്ടിൽ എത്തുന്നതായിരുന്നു പ്രവർത്തനരീതി. മുതുവട്ടൂരിൽ അറുപതുകളുടെ ഒടുവിൽ തുടങ്ങിയ ബോർഡിംഗ് മദ്റസ, പ്രഫ. വി. മുഹമ്മദ് സാഹിബിന്റെ നേതൃത്വത്തിൽ ജമാഅത്തെ ഇസ്‌ലാമി സംഘടിപ്പിച്ച വിദ്യാർഥി-യുവജന ക്യാമ്പുകൾ എന്നിവയുടെയൊക്കെ സംഘാടനത്തിന്റെ പ്രധാന കണ്ണിയായിരുന്നു.

രണ്ടര ദശകങ്ങൾക്ക് മുമ്പ് അൻസാർ ഇംഗ്ലീഷ് സ്കൂൾ നിർമാണവുമായി ബന്ധപ്പെട്ട് പെരുമ്പിലാവിലായി ഉസ്മാൻ സാഹിബിന്റെ പ്രവർത്തനം. ഇടക്കാലത്ത് തിരുവനന്തപുരത്തും പ്രവർത്തിച്ചിട്ടുണ്ട്. അൻസാർ ആശുപത്രിയിൽ നിർധന രോഗികൾക്കായുള്ള വെൽഫെയർ കമ്മിറ്റിയിൽ സജീവമായിരുന്നു. പെരുമ്പിലാവ് അൻസാർ ചാരിറ്റബ്ൾ ട്രസ്റ്റ് അസി. സെക്രട്ടറിയായിരുന്നു. രണ്ട് ഭാര്യമാരും ഒമ്പത് മക്കളുമുണ്ട്. ഇസ്‌ലാമിക പ്രവർത്തകരും സഹകാരികളുമാണ് മക്കൾ.

**ടി.വി മുഹമ്മദലി**

## എൻ.കെ ശാഹുഹാജി



**ചാവക്കാട്** കടപ്പുറം അഞ്ചങ്ങാടി സ്വദേശി എൻ.കെ ശാഹുഹാജി(78) 1960 കളുടെ ആരംഭത്തിൽ ഖത്തറിലെത്തുകയും ഖാസിം മൗലവി, എം.വി മുഹമ്മദ് സലീം മൗലവി, അബ്ദുല്ലക്കുട്ടി മൗലവി, എ.വി അബ്ദുൽമജീദ് ഹാജി, കേളോത്ത് അബ്ദുല്ലഹാജി എന്നീ സുഹൃത്തുക്കളുമായി ബന്ധപ്പെട്ട് ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് കടന്നുവരികയും ചെയ്തു. ഖത്തറിലെ ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ ശാരിമുശൈരിബ് യൂനിറ്റിലെ അംഗമായിരുന്നു. കടപ്പുറം തൊട്ടാപ്പിൽ റഹ്മ ചാരിറ്റബ്ൾ ട്രസ്റ്റ് രൂപീകരിക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നു. ഒമ്പത് വർഷം മുമ്പാണ് പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിൽ സ്ഥിരതാമസമാക്കിയത്.

മരിക്കുമ്പോൾ ഈദ്ഗാഹ് പ്രാദേശിക കമ്മിറ്റി പ്രസിഡന്റും റഹ്മ ചാരിറ്റബ്ൾ ട്രസ്റ്റിന്റെ ട്രഷററുമായിരുന്നു. ഭാര്യയും ഏഴുമക്കളുമുണ്ട്.

**ബി.വി.എം ഹുസൈൻ തങ്ങൾ, കടപ്പുറം**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.*